പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 154

27/06/2011 ൽ മറുപടിക്ക്

**ഒരു രൂപ അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ഒരു കുടുംബത്തിന് ഒരു രൂപയ്ക്ക് 25 കിലോ അരി നൽകുന്ന പദ്ധതി എന്ന് മുതൽ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ? | (എ) | സംസ്ഥാനത്തെ BPL വിഭാഗങ്ങൾക്ക് ഒരു രൂപ നിരക്കിൽ 25kg അരി വിതരണം നടത്തുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ഓണത്തിന് മുൻപ് തന്നെ ലഭിക്കുന്നതാണ്. |
| (ബി) | ഏതെല്ലാം വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്കാണ് ഇപ്രകാരം അരി വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഒരു രൂപയ്ക്ക് അരി വിതരണം നടത്തുന്ന പദ്ധതിയിൽ സംസ്ഥാനത്തെ BPL കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എ.എ.വൈ വിഭാഗത്തിലെ കുടുംബങ്ങളും ബി.പി.എൽ പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ 1460735 ബി.പി.എൽ കുടുംബങ്ങളും 595752 എ.എ.വൈ കുടുംബങ്ങളും ഉൾപ്പെടെ ആകെ 2056487 കുടുംബങ്ങൾ ഈ പദ്ധതിക്ക് അർഹരാണ്. |

സെക്ഷൻ ഓഫീസർ.

2